MONDAY

30/12/2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Nizam S A** **Editor : Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/12/2024

1. ലോകത്താദ്യമായി സങ്കരയിനം തെങ്ങ് വികസിപ്പിച്ച ചരിത്രപാരമ്പര്യമുള്ള 108 വർഷം പൂർത്തീകരിച്ച പിലിക്കോട് ഉത്തരമേഖലാ കാർഷികഗവേഷണകേന്ദ്രം, കർഷകർക്കും കർഷകവൃത്തിയിൽ പങ്കാളികളാകുന്നവർക്കും ആശയങ്ങൾ കൈമാറാനും, രംഗത്തെ പുതുമകൾ പ്രദർശിപ്പിക്കുന്നതിനും, പുതുതലമുറയെ കൃഷിയിലേക്ക് അടുപ്പിക്കുന്നതിനും കാർഷിക വിദ്യാഭ്യാസ-ഗവേഷണസാധ്യതകളെക്കുറിച്ച് പുതുതലമുറയെ ബോധവത്കരിക്കുന്നതിനും, കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങളുമായി പങ്കുവെക്കുന്നതിനുമായി, കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ 'ആർ.എ. ആർ. എസ്. ഫാം കാർണിവൽ - 2025', ജനുവരി 1 മുതൽ 20 വരെ സംഘടിപ്പിക്കുന്നു. വിവിധവിളകളുടെ ബയോപാർക്കുകൾ, മൃഗസംരക്ഷണം, അലങ്കാരച്ചെടികൾ, നൂതന സാങ്കേതിക വിദ്യകളുടെ ഫീൽഡ്പ്രദർശനം, കാർഷീകസെമിനാറുകൾ, പരിശീലനങ്ങൾ, കാർഷിക ഡോക്യുമെന്ററികളുടെ പ്രദർശനം, അഗ്രോക്ലിനിക്, മണ്ണ്പരിശോധന സേവനം, ഫുഡ്ഫെർക്കുകൾ, നടീൽ വസ്തുക്കളുടെയും, മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനം, വാണിജ്യസ്റ്റാളുകൾ, അമ്യൂസ്മെൻ്റ് പാർക്ക്, സായാഹ്ന വിനോദപരിപാടികൾ എന്നിങ്ങനെ വൈവിധ്യമാർന്ന അനുഭൂതികൾ ഫാം കാർണിവൽ ഒരുക്കുന്നു. തൃക്കരിപ്പൂർ എം.എൽ.എ. .എം.രാജഗോപാലന്റെ അദ്ധ്യക്ഷതയിൽ ജനുവരി 03-ന് (03.1.2025) രാവിലെ 9 മണിക്ക് .രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖവകുപ്പ് മന്ത്രി . കടന്നപ്പള്ളി രാമചന്ദ്രൻ ഫാം കാർണിവലിന്റെ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് ഐഎഎസ് മുഖ്യപ്രഭാഷണം അവതരിപ്പിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾകൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, (പാവൽ, വെണ്ട, പയർ), വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലിസോസ്, തക്കാളിസോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കിസൂക്ഷിക്കേണ്ട പ്രാഥമികസംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

3. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതി 2024-25 ൻ്റെ എൻറോൾമെന്റ് ക്യാമ്പ് 2024 ഡിസംബർ 17 മുതൽ ഡിസംബർ 31 വരെ നടക്കും. 80 വയസ്സ് വരെയുള്ള ക്ഷീരകർഷകർക്ക് പദ്ധതിയിൽ ചേരാം. രണ്ടു ലക്ഷം രൂപ വരെയുള്ള ആശുപത്രി ചികിൽസക്ക് പണം നൽകേണ്ടതില്ല. സാധാരണ മരണത്തിന് 18 വയസ്സ് മുതൽ 60 വയസ്സ് വരെ ഒരു ലക്ഷം രൂപ വരെ നോമിനിക്ക് ലഭിക്കും. നിലവിലുള്ള അസുഖങ്ങൾക്ക് 50,000 രൂപ വരെ പരിരക്ഷ ലഭിക്കും. 24 മണിക്കൂർ നേരമെങ്കിലും ആശുപത്രിയിൽ കിടത്തി ചികിൽസ നടത്തേണ്ട അസുഖങ്ങൾക്ക് പരിരക്ഷ ലഭിക്കും. ഡയാലിസിസ്, കീമോതെറാപ്പി, റേഡിയോ തെറാപ്പി, കണ്ണ് ശസ്ത്രക്രിയ എന്നിവയ്ക്ക് 24 മണിക്കൂർ പരിധി ബാധകമല്ല. തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ക്യാഷ്ലെസ്സ് സൗകര്യം ലഭിക്കുന്നതാണ്. ഇൻഷുറൻസിൽ ആദ്യം ചേരുന്ന 18200 കേരള കർഷക ക്ഷേമനിധി അംഗങ്ങൾക്ക് 3175 രൂപ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രീമിയം തുകയിൽ ഇളവും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടുക.

**പരിശീലനം**

4. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 13, 14 തീയതികളിൽ "ശുദ്ധമായ പാലുല്പാദനം " എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജനുവരി 10-ാം തീയതി 5 മണിക്ക മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004. എന്ന മേൽവിലാസത്തിലോ ബന്ധപ്പെടുക

**കാർഷിക നിർദ്ദേശം**

3 വെള്ളരിയിൽ പച്ചപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി 2 മി.ലി ഫ്ളുബെന്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ കലക്കിതളിക്കുക. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽവേനൽക്കാല പച്ചക്കറികൾ കൃഷിചെയ്യാം. മുളക്, വഴുതന എന്നിവയിൽ സാധാരണ കാണുന്ന വാട്ടരോഗത്തിന്റെ സാദ്ധ്യത കുറയ്ക്കുന്നതിന് നിലമൊരുക്കുന്ന സമയത്ത് തന്നെ കുമ്മായം ചേർക്കുന്നത് നല്ലതാണ്, ഇതോടൊപ്പം മണ്ണിന്റെ നീർവാർച്ച ഉറപ്പുവരുത്തുകയും വേണം.